യേശു എൻസങ്കേതം എൻ നിത്യ പാറയുമെ
ആശ്രയം താൻ മാത്രം ആ നാമം സുസ്ഥിരമെ
പിളർന്നതൊരിക്കൽ ക്രൂശിൽ
ചൊരിഞ്ഞ രക്തമതാൽ വളർന്നു ഞാൻ ദൈവപൈതൽ തൻമഹാസ്നേഹത്താൽ
യേശു...
യോഗ്യമല്ലാത്ത ഈ ലോകത്തേറുന്ന മാലിന്യങ്ങൾ
മാർഗ്ഗത്തിലേറിവന്നെന്നെ ഭീതിപ്പെടുത്തിടുമ്പോൾ
ചാരും കാൽവരിമേട്ടിൽ തകർന്ന മാറിടത്തിൽ
തോരും കണ്ണുനീരെല്ലാം യേശുവിൻ കൈകളിൽ
യേശു...
ലോകത്തിൻ ആശ്രയമൊന്നും ശാശ്വതമല്ലായ്കയാൽ
ശോകക്കൊടും കാട്ടിലൂടെ ഓടി മറയുന്നു ഞാൻ
ദൂരെ ദൂരെ കാണും എൻ നിത്യഭവനത്തെ
വേഗം ഞാനങ്ങുചേരും അതെത്ര ഭാഗ്യമെ
യേശു...
കൺകൾക്കിമ്പകരമായതൊക്കെയും നശ്വരമേ
മണ്ണിൻ ഭാഗ്യമെല്ലാം മാറിമറഞ്ഞീടുമെ
വേദനമാത്രമാണെങ്ങും ജീവിത നാളുകളിൽ
മോദങ്ങൾ മാത്രമാണെന്നും സ്വർഗ്ഗീയനാടതിൽ
യേശു...

മുഴങ്ങും കാഹളമെല്ലാം ഗംഭീരനാദത്തോടെ
ധ്വനിക്കും ദൈവത്തിൻ ശബ്ദം വിശുദ്ധരുയിർക്കുമേ
തേജസമ്പൂർണ്ണനാമേശു മേഘത്തിൽ വന്നിടുമ്പോൾ
ജ്യോതിസ്സുപോലെന്നെന്നേക്കും തൻ കൂടെ വാഴും നാം
യേശു...
രാത്രിയില്ലാത്തൊരുദേശം എന്നേക്കും പാർപ്പിടമായ്
മർത്ത്യമല്ലാത്തൊരുദേശം പ്രാപിക്കും നിശ്ചയമായ്
എണ്ണമില്ലാത്ത വിശുദ്ധർ പൊൻകുരുത്തോലയുമായ്
വർണ്ണിക്കും ദൈവത്തിൻനീതി സ്വർഗ്ഗീയ ഗാനത്താൽ
യേശു...
yesu ensangketham en nithya paarrayume
aasrayam thaan maathram aa naamam susthhirame
pilarnnathorikkal kroosil
chorinjnja rakthamathaal valarnnu njaan daivapaithal
thanmahaasnehaththaal
yesu...
yogyamallaaththa ee lokaththerrunna maalinyangngal
maarggaththilerrivannenne bheethippetuththitumpol
chaarum kaalvarimettilthakarnna maarritaththil
thorum kannuneerellaam yesuvin kaikalil
yesu...
lokaththin aasrayamonnum saasvathamallaaykayaal
sokakkotum kaattiloote oti marrayunnu njaan
doore doore kaanum en nithyabhavanaththe
vegam njaanangngucherum athethra bhaagyame
yesu...
kankalkkimpakaramaayathokkeyum nasvarame
mannin bhaagyamellaam maarrimarranjnjeetume
vedanamaathramaanengngum jeevitha naalukalil
modangngal maathramaanennum svarggeeyanaatathil
yesu...
muzhangngum kaahalamellaam gambheeranaadaththote
dhvanikkum daivaththin sabdam visuddharuyirkkume

thejasampoornnanaamesu meghaththil vannitumpol
jyothissupolennennekkum than koote vaazhum naam
yesu...
raathriyillaaththorudesam ennekkum paarppitamaay
marththyamallaaththorudesam praapikkum nischayamaay
ennamillaaththa visuddhar ponkuruththolayumaay
varnnikkum daivaththinneethi svarggeeya gaanaththaal
yesu...